## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 604          19.3.2013 ലെ മറുപടിക്ക്

### നികുതി വകുപ്പിൽ ഇ - പെയ്മെന്റ് സംവിധാനം

| ചോദ്യം<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ആർ. സെൽവരാജ് | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | നികുതി വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) | വാണിജ്യ നികതി വകുപ്പിൽ സെപ്റ്റംബർ 2009 മുതൽ ഇ-പെയ്മെന്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിന്റെ വെബ് സൈറ്റ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നിവയുടെ വെബ് സൈറ്റുമായി സംയോജിപ്പിച്ചാണ് ഇ - പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിരിക്കുന്നത്. വാണിജ്യ നികുതി രജിസ്ട്രേഷൻ ഉള്ള എല്ലാ വ്യാപാരികൾക്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നിവിടങ്ങളിൽ സീറോ ബാലൻസ് സംവിധാനം തുടങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വാണിജ്യ നികുതി രജിസ്ട്രേഷൻ ഉള്ള വ്യാപാരികൾ റിട്ടേൺപ്രകാരം നൽകേണ്ടതായ നികുതി തുക സിസ്റ്റം നിർണ്ണയിച്ച് ബാങ്ക് അക്കൗണ്ടിൽ നിന്ന് കുറവ് ചെയ്ത് സർക്കാരിലേക്ക് ക്രഡിറ്റ് ചെയ്യുന്നു. ഓരോ ദിവസവും ഉള്ള ഇടപാടുകളുടെ സ്ക്രോൾ ബാങ്കുകളിൽ നിന്നും വാണിജ്യ നികുതി വകുപ്പിനും, ട്രഷറിക്കും നൽകുന്നു. ഈ സ്ക്രോൾ ട്രഷറി പരിശോധിച്ച് ഓരോ ഇടപാടിനും സീക്വൻസ് നമ്പർ നൽകി വാണിജ്യ നികുതി വകുപ്പിനെ അറിയിക്കുന്നു. |

| | | | |
|---|---|---|---|
| | | | ട്രഷറിയിൽ നിന്നും ലഭിക്കുന്ന സ്ക്രോൾ വെബ് സൈറ്റിൽ ക്രമീകരിച്ച് റികൺസിലിയേഷൻ പൂർത്തീകരിക്കുന്നു. |
| (ബി) | എന്തെല്ലാം സൗകര്യങ്ങളാണ് ഇത് വഴി ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഇ - പെയ്മെന്റ് ഏർപ്പെടുത്തിയതിനുശേഷം സർക്കാരിലേയ്ക്ക് നികുതി ഒടുക്കൽ വളരെയേറെ ലഘൂകരിക്കാൻ സാധിച്ചിട്ടുണ്ട്. നികുതി ഒടുക്കുന്നതിനായി വ്യാപാരികൾ പലതവണ നികുതി അസസ്സ്മെന്റ് സർക്കിളുകൾ, ട്രഷറി, ബാങ്ക് എന്നിവ സന്ദർശിക്കേണ്ടി വന്നിരുന്നു. എന്നാൽ ഈ സംവിധാനം നടപ്പിലാക്കിയതിനുശേഷം എപ്പോൾ വേണമെങ്കിലും ഇന്റർ നെറ്റ് മുഖേന നികുതി ഒടുക്കാവുന്നതാണ്. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ സംവിധാനം നടപ്പാക്കുന്നത് ; | (സി) | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നിവയുടെ വെബ് സൈറ്റ് വാണിജ്യ നികുതി വകുപ്പിന്റെ വെബ് സൈറ്റുമായി സംയോജിപ്പിച്ചാണ് ഈ സംവിധാനം നടപ്പിലാക്കുന്നത്. കൂടാതെ ട്രഷറിയും ഇതിൽ സജീവ പങ്കു വഹിക്കുന്നു. |
| (ഡി) | നികുതി വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഈ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇ-പെയ്മെന്റ്, വ്യാപാരികൾക്ക് എപ്പോൾ വേണമെങ്കിലും എവിടെവച്ചും ചെയ്യാവുന്നതാണ്. വകുപ്പിന്റെ ഓഫീസുകളിൽ ഈ സംവിധാനം പ്രത്യേകമായി ഏർപ്പെടുത്തേണ്ട ആവശ്യം വരുന്നില്ല |

സെക്ഷൻ ഓഫീസർ